**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 138** **20-06-2024 - ൽ മറുപടിയ്ക്ക്**

**നാലുവർഷ ബിരുദ കോഴ്സുകളുടെ കരിക്കുലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എം.വിജിൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർവകലാശാലകളിൽ നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ; | (എ) | 2024-25 അക്കാദമിക വർഷം മുതൽ കേരള, എം.ജി., കോഴിക്കോട്, ശ്രീശങ്കരാചാര്യ സംസ്കൃത, തുഞ്ചത്തെഴുത്തച്ഛൻ മലയാളം, കണ്ണൂർ, കുസാറ്റ്, ശ്രീനാരായണ ഓപ്പൺ സർവ്വകലാശാലകളിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നു. ഇതിന് ആവശ്യമായ കരിക്കുലം ചട്ടക്കൂട്, നാല് വർഷ ബിരുദ പ്രോഗ്രാമിന്റെ റെഗുലേഷൻ, പുതിയ സിലബസ് എന്നിവ രൂപീകരിച്ചു. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് പരിശീലന പരിപാടികൾ (Master Trainers Workshops), കോളേജ് അദ്ധ്യാപകർക്ക് ജില്ലാതല ഓറിയെന്റേഷൻ പരിപാടികൾ, പ്ലസ് ടു വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചു. ഇതിനു പുറമേ, ഫൗണ്ടേഷൻ കോഴ്സുകൾക്കാവശ്യമായിട്ടുള്ള പുസ്തകങ്ങൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രസിദ്ധീകരിച്ചു. |
| (ബി) | നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം അനുസരിച്ച് ഒരാൾക്ക് ഒന്നിലധികം ബിരുദ കോഴ്സുകൾ ഒരേസമയം പഠിക്കുന്നതിനും ബിരുദങ്ങൾ നേടുന്നതിനും അവസരമുണ്ടാകുമോ; | (ബി) | നിലവിലെ യു.ജി.സി റെഗുലേഷൻ പ്രകാരം വിദ്യാർത്ഥികൾക്ക് രണ്ടു ബിരുദങ്ങൾ ഒരേ സമയം പൂർത്തീകരിക്കാൻ അവസരം ഉണ്ട്. ഇത് പ്രകാരം രണ്ടു ബിരുദങ്ങൾ ഒരേ സമയം റെഗുലർ ആയോ ഒരു ബിരുദം റെഗുലർ ആയും ഒരു ബിരുദം ഓൺലൈൻ/ ഡിസ്റ്റൻസ് രീതിയിലോ പഠിക്കാൻ സാധിക്കും. |
| (സി) | നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്ക് വിദേശങ്ങളിൽ കൂടുതൽ സ്വീകാര്യത ലഭിക്കുമെന്ന് കരുതുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലവും ക്രെഡിറ്റുകളും നിർവ്വചിച്ചിരിക്കുന്നത് ദേശീയ-അന്തർദേശീയ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ്. വിദേശ സർവ്വകലാശാലകൾ പൊതുവേ പിൻതുടരുന്ന 4 വർഷ ബിരുദ പ്രോഗ്രാമുകൾക്ക് അനുയോജ്യമായിട്ടുള്ള കരിക്കുലം ചട്ടക്കൂടാണ് സംസ്ഥാനത്തെ |

| | | | |
|---|---|---|---|
| | | | സർവ്വകലാശാലകളിലും/കോളേജുകളിലും ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ഇത് നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ പൊതു സ്വീകാര്യത വർദ്ധിപ്പിക്കുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ